
GGVHSS WANDOOR

# VOICE



GGVHSS

WANDOOR

LITTLE KITE'S

2023-25 BATCH

DIGITAL MAGAZINE-2024


എന്റെ വിദ്യാലയം
GOVHSS





# ഉള്ളടക്കം





6 നല്ല തുടക്കം
– വൈഷ്ണവി കെ

7 ഒരിക്കൽ തിരിച്ച കിട്ടാത്ത ഓർമ്മകൾ
– ശ്രേയ സുന്ദർ വി പി

8 കഴുതയും ചെന്നായയും
– ശ്രേയ കൃഷ്ണ ഇ

9 വഴിയോരത്തെ മരച്ചില്ല
– സന ഹുസൈൻ കെ എച്ച്

11 ഞാറ്റുവേലപ്പൂക്കൾ
– ഫാത്തിമ മിൻഹ ടി

12 കുറുക്കനും ആട്ടും
– ഫാത്തിമ സൻഹ എം

13 രാധ ,രാധ മാത്രമല്ലായിരുന്നു
– അജി അനന്തഭദ്രം





15 പാട്ടും നൃത്തവും
– ശ്വേത സുന്ദർ വി പി

16 THE LION AND BULLS
- NASHA FATHIMA K

17 I SEE A RAINBOW
- NAJWA P K

18 പൂപെറുക്കാം
– ആദിത്യ കെ

19 പകലിന്റെ ഗദ്ഗദം
– സൻജിദ് ഹുസൈൻ

19 ഭീകര മഴയും കൂട്ടുകാരും
– ആഷിഷ

20 ദേശീയ ശാസ്ത്ര ദിനം
– നാദിയ എ പി

21 THE MONKEY AND THE CROCODLE

22 THREE BUTTERFLIES

23 നീലക്കുറിഞ്ഞികൾ പൂക്കുമ്പോൾ
– അജി അനന്തഭദ്രം

24 ഗുണപാഠകഥ
– ആഷ് ലിമോൾ അനീഷ്

28 A TIMELY LOVE STORY
– SAFA M K

29 AUTUMN

29 DREAMS
- HIMA K

31 ഊമത്തത്തകൾ
– മിൻഹ എ

33 THE TRUE FRIENI
- HIMA K

33 A LION AND A GOAT
- HIMA K

34 മൗനം
– ജസീല

35 അതിജീവനം
– കിരൺ ലാൽ എം സി

36 JOURNEY
RAJEENA P ( Office Staff)

37 പൂന്തോപ്പിൽ
അലീഷ ജയൻ എ

## ആമുഖം

അറിവ് ഉത്സവമായി മാറിക്കഴിഞ്ഞ
കാലത്താണ് നാം ജീവിയ്ക്കുന്നത്.
അതിനെ സംസ്കാര ത്തിന്റെ വിവിധ
തലങ്ങളിലേക്ക് നമ്മുടെ സമൂഹം വിതാനിച്ചു
കഴിഞ്ഞു.
കാലം മുന്നോട്ടു കുതിക്കുമ്പോൾ
അതിനൊത്ത വിധം സജ്ജരാവുക എന്നത്
പരമപ്രധാനമാണ്.
ധാർമികതയിലും സാമൂഹ്യ
ബോധനിർമ്മിതിയിലും
അധിഷ്ഠിതമായ കേരള വിദ്യാഭ്യാസ
മാതൃകയിലേക്ക് നൂതന സാങ്കേതിക
വിദ്യയുടെ അനന്ത സാധ്യതകളെ ഇഴ
ചേർക്കുകയാണ് ലിറ്റിൽ കൈറ്റ്സ് ചെയ്തു
കൊണ്ടിരിക്കുന്നത്.
ഈ വർഷം നമ്മുടെ സ്കൂളിലെ ലിറ്റിൽ
കൈറ്റ്സ് പുറത്തിറക്കുന്ന മാഗസിന്

വിജയാശംസകൾ നേരുന്നു.

വിനോദ് ഒ
പ്രിൻസിപ്പൽ
ജിജിവിഎച്ച്എസ്എസ്

ഇത് സർഗ്ഗ വിസ്മയങ്ങളുടെ
നിറചാർത്ത് . വരകളായും വർണ്ണങ്ങളായും
അക്ഷര വെളിച്ചങ്ങളായും ഹൃദയവാടിയിൽ
മൊട്ടിട്ടവ. രാവിന്റെ നിശബ്ദതയിലോ
നിലാവിന്റെകരസ്പർശത്തിലൊപ്രതിഭയുടെ
ചൂടേറ്റ് അവ തൂലികത്തുമ്പിലൂടെ വികാര
സാന്ദ്രമായി വാർന്നു വീഴുകയാണ്.
കൗമാര സ്വപ്നങ്ങളിൽ പ്രണയവർണങ്ങൾ
മഴവില്ലിനോട് മത്സരം തീർക്കുന്നു.
വിരഹദുഃഖങ്ങൾ നഷ്ടപ്രണയങ്ങൾക്കുമേൽ
കലഹത്തിന്റെ തീമഴയാകുന്നു. കഥയുടെ
ആകാശങ്ങളിൽ പുതു നക്ഷത്രങ്ങൾ
ഉദിച്ചുയരുന്നു. ഭാഷയുടെ പ്രൗഢിയിൽ
ലേഖനങ്ങളും ഉപന്യാസങ്ങളും
പിറവിയെടുക്കുന്നു.നേരറിവിന്റെയും
നേർക്കാഴ്ചകളുടെയും ഇതൾ വിടരുന്ന
ഇനിയുള്ള താളുകൾ വായനയുടെ വസന്തം
തീർക്കട്ടെ .
ആശംസകളുംനേർന്നുകൊണ്ട്......

പി സുബ്രഹ്മണ്യൻ
എച്ച് എം
ജിജിവിഎച്ച്എസ്എസ്

കഥ


# നല്ല തുടക്കം

പണ്ട് ഒരു നിലാവ് പോലും പതിക്കാത്ത കാട്ടിൽ രണ്ടു വലിയ മരം ഉണ്ടായിരുന്നു. അവർ ഇരുവരും വളരെ വലിയ സുഹൃത്തുക്കളായിരുന്നു. ആ മരത്തിന്റെ ചില്ലകളിൽ മറ്റൊരു സുഹൃത്തുക്കൾ ജീവിച്ചിരുന്നു അവരുടെ പേരാണ് ലില്ലിയും അല്ലിയും അവർ രണ്ടുപേരും പറന്നു നടക്കുന്ന ചിറകുള്ള മൃദുല സ്വരമുള്ള പക്ഷികളാണ്. ഒരു ദിവസം അല്ലിയും ലില്ലിയും കളിക്കാൻ വേണ്ടി കാട്ടിലേക്ക് പോയി.അവർ കുറെ കളിച്ചു. അവരുടെ സൗഹൃദബന്ധം വർദ്ധിച്ചു. കുറച്ചുനേരത്തിനുശേഷം ആകാശം അലറി വിളിക്കാൻ തുടങ്ങി. ഒരു വെളിച്ചം കാണിച്ചു പൊട്ടിക്കരയാൻ തുടങ്ങി,സൂര്യൻ മങ്ങി. ആ കൊടുംമഴയത്ത് അവർക്ക് രണ്ടുപേർക്കും ചിറകടിച്ച് പറക്കാൻ കഴിഞ്ഞില്ല. അവർ രണ്ടുപേരും ഒരു മരത്തിന്റെ അരികിലേക്ക് പോയി മരം അവരോട്



ഉറക്കെ ആർത്തു വിളിച്ചു പറഞ്ഞു;

"നിങ്ങൾക്കിവിടെ സ്ഥാനമില്ല".



അവർ രണ്ടുപേരും പൊട്ടികരഞ്ഞു.പെട്ടെന്ന് അവരുടെ അരികിൽ ഒരു വെളിച്ചം വന്നു. ഒരു മാലാഖ അവിടെ പ്രത്യക്ഷപ്പെട്ടു. ആ മാലാഖ അവരോട് പറഞ്ഞു ;

നിങ്ങൾ നല്ലവരാണ്, നിങ്ങൾക്ക് ഞാനൊരു വരം തരുന്നു ഇനി മുതൽ നിങ്ങൾ മനുഷ്യരാണ്.

അവർക്ക് ആഹ്ലാദം കൊണ്ട് നിൽക്കാൻ കഴിയുന്നില്ല. അവരുടെ ജീവിതം അങ്ങനെ തുടർന്നു പോയി.

വൈഷ്ണവി കെ

# ഒരിക്കൽ തിരിച്ചു കിട്ടാത്ത ഓർമ്മകൾ

ഒരു ദിവസം വൈകുന്നേരം നാലു മണി നേരത്ത് നല്ല കനത്ത മഴ പെയ്തു. ഞാൻ ആ സമയത്ത് ഉമ്മറത്തേക്ക് വന്നു നിന്നു. എന്റെ വീടിന്റെ മുമ്പിൽ ഒരു യുപി സ്കൂൾ ഉണ്ടായിരുന്നു അവിടെ കുട്ടികൾ സ്കൂൾ വിട്ടപ്പോൾ കുടയും ചൂടി വീട്ടിലേക്ക് പോകുന്നത് കണ്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് എന്റെ ബാല്യകാലമാണ്. ഒരിക്കലും തിരിച്ചു വരാത്ത കാലം എല്ലാവരും പോകാൻ ആഗ്രഹിക്കുന്ന കാലം. ഞാൻ പണ്ട് സ്കൂളിൽ പഠിച്ചിരുന്നപ്പോൾ മഴയത്ത് സ്കൂളിൽ പോകാൻ എനിക്ക് വളരെ ഇഷ്ടമായിരുന്നു. മഴയത്ത് കൂട്ടുകാരികളും ഒത്ത് ഇടവഴികളിലൂടെ ഒലിച്ചുപോകുന്ന മഴത്തുള്ളികളിൽ ചവിട്ടിയും ഒക്കെ ഞങ്ങൾ സ്കൂളിൽ എത്തും. കൂട്ടുകാരികളും ഒത്തു കളിച്ചും, ചിരിച്ചും, പഠിച്ചു നടന്ന കാലം സ്കൂളിൽ എത്താൻ വൈകുമ്പോൾ ടീച്ചറോട് എന്തെങ്കിലുമൊക്കെ നുണ പറഞ്ഞ് ക്ലാസിൽ കയറിയിരിക്കും. സ്കൂളിലേക്ക് പോകുമ്പോഴും വരുമ്പോഴും അറിയില്ലായിരുന്നു ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങളാണ് ഇങ്ങനെ എണ്ണി തീർക്കുന്നത്.



ശ്രേയ സുന്ദർ വി പി 7D

കഥ

# കഴുതയും ചെന്നായയും

ഒരു കഴുത പുല്ല്മേക്കുകയായിരുന്നു പെട്ടെന്നാണ് ഒരു ചെന്നായ അവിടെ പ്രത്യക്ഷപ്പെട്ടത്. ഓടി രക്ഷപ്പെടാൻ ഒരു വഴിയുമില്ല ഒരു സൂത്രം ഉപയോഗിച്ച് നോക്കാം കഴുത കാലിൽ മുള്ളു തളച്ചതായി അഭിനയിച്ച് മുടന്താൻ തുടങ്ങി. ചെന്നായ കാര്യം തിരക്കി കഴുത പറഞ്ഞു. എന്റെ കാലിൽ ഒരു കൂർത്ത മുള്ളു തറച്ചിരിക്കുകയാണ് അതൊന്ന് എടുത്തു തരാമോ..... അല്ലെങ്കിൽ എന്നെ തിന്നുമ്പോൾ അത് അങ്ങയുടെ തൊണ്ടയിൽ കുടുങ്ങി വേദനിക്കും. അത് ശരിയാണെന്ന് ചെന്നായക്കും തോന്നി. അവൻ കഴുതയുടെ കാൽ പൊക്കി നോക്കി പരിശോധന തുടങ്ങി. കഴുത സർവ്വ ശക്തിയും ഉപയോഗിച്ച് ചെന്നായയെ ആഞ്ഞുതൊഴിച്ചു..





ശ്രേയ കൃഷ്ണ ഇ 7D


# വഴിയോരത്തെ മരച്ചില്ല



വഴിയറിയാതെ
വഴിയോരത്തെ മരച്ചില്ലയിൽ
വഴി കണ്ണുമായ് ചേക്കേറിയ നേരം
മരച്ചില്ലക്ക് ഭാരമായി തോന്നിയാൽ
പിന്നെ പതിയെ പറക്കണം പ്രതീക്ഷയോടെ,
പിന്നൊരിക്കലും ഭാരമാവാതെ
നോക്കീടണമാ ചില്ലകളിൽ.
വരുമൊരിക്കൽ സ്രഷ്ടാവിന്റെ
കരുതലും കരുണയും എന്നെ....
ദൂരെ ദൂരെ ദൂരെ ദൂരെ പറക്കണം
പ്രതീക്ഷയോടെ......

സന ഹുസൈൻ കെ എച്ച് 7D

## DRAWING




SAKETH A S 2B




NAYEEMA T T 6B

# ഞാറ്റുവേലപ്പൂക്കൾ



ഞാറ്റുവേലയിൽക്കുളിച്ചീറനും ധരിച്ചെന്റെ നാട്ടിലേക്കിറങ്ങിയ പുഷ്പകന്യകമാരെ, മത്തയിൽ, പ്പടലവള്ളിയിൽ, കുമ്പളത്തിലിത്തപം നിങ്ങൾ ചെയ്യെക്കുത്തുടിപ്പു മ്മ ചിത്തം ഇടവക്കരിങ്കാറിൻ പൊത്തിൽ നിന്നിറങ്ങിയ കൊടിയ വെള്ളപ്പൊക്കം വെമ്പാലപ്പാമ്പിനൊപ്പം ചുറ്റിയും, അംഗങ്ങളിൽ കൊയ്യുമെൻ നാടിന്റെ സ്പന്ദനാഡിയും മൃത പ്രായം ആക്കിയ നേരം എല്ലു പൊന്തിയ ചെറ്റകുടിലിൻ ചളിപ്പായി–ലില്ലയ്മ കണികണ്ടു കൃഷിക്കാർ കിടന്നപ്പോൾ നാളത്തെസ്സമൃദ്ധിതൻ നാകീയ വാഗ്ദാനങ്ങൾ നീലവേ നിശബ്ദമായുദ്ഘോഷിച്ചെത്തി നിങ്ങൾ നിങ്ങളയീവേളയിൽ കാണുമ്പോളൊളിയറ്റു മങ്ങുന്നു മുല്ലപ്പൂവും റോജയും മന്ദാരവും! അനപാതൃതാദുഃഖം പേറുമീ മണ്ണി,ലുണ്ണിക്കനിയെഗ്ഗർഭംപൂണ്ടു പ്രസവിച്ചെടുക്കുവാൻ വർഷം കാറ്റെട്ടുക്കുമീപ്പച്ചയാം പല്ലക്കിങ്കൽ ഹർഷപൂരിതതളായ്ക്കിടക്കും പുഷ്പങ്ങൾ നിങ്ങൾതൻ സുഖപ്രസവത്തിനു ശ്രുശ്രൂഷിക്കാൻ ചിങ്ങപ്പെടാൻ നിലാവൊളിയുറക്കിമിളയ്ക്കുമ്പോൾ അവിടെ കാവൽ കാത്തു നിന്നിട്ടുമെൻ നെഞ്ചിലെക്കവിസങ്കല്പം പ്രതിനിമിഷം പ്രതീക്ഷയായ്.

ഫാത്തിമ മിൻഹ ടി 7D

കഥ

# കുറുക്കനും ആടും



ഒരു കുറുക്കൻ ആഴമുള്ള ഒരു പൊട്ടക്കിണറ്റിൽ വീണു പോയി അതുവഴി പോകാനിടയായ ഒരാട് കിണറ്റിൽ കിടക്കുന്ന കുറുക്കനെ കണ്ടു. ആട് ചോദിച്ചു. "എന്തുപറ്റി?". കുറുക്കൻ പറഞ്ഞു"
ഈ കിണറ്റിൽ നല്ല മധുരമുള്ള വെള്ളമുണ്ട് അത് കുടിക്കാൻ ഇറങ്ങിയതാണ്. നീ വരുന്നോ?".



ക്ഷണം കിട്ടേണ്ട താമസം ആട് പൊട്ടക്കിണറ്റിലേക്ക് ചാടി. ആട് എത്തിയ ഉടൻ തന്നെ കുറുക്കൻ ആടിന്റെ മുതുകിൽ കയറി മുകളിലേക്ക് ഒറ്റ ചാട്ടം. കിണറ്റിനു പുറത്തെത്തിയ കുറുക്കൻ ആടിനോട് ഇങ്ങനെ പറഞ്ഞു ആരെയും അന്ധമായി വിശ്വസിക്കരുത്.

ഫാത്തിമ സൻഹ എം. 7D

# രാധ ,രാധ മാത്രമല്ലായിരുന്നു

സക്കറിയായുടെ രാധയല്ല ,എന്റെ രാധ .
മുകുന്ദന്റേം അല്ല .
പിന്നെ ,കൃഷ്ണന്റെ യുമല്ല .
പിന്നെയോ! .....,
ദൈവത്തിന്റെ നൂറു കോടി നാമങ്ങളിൽ
ഒന്ന് മാത്രം .
അമ്മയുടെ നാമം .
എന്റെ മ്മയുടെ നാമം .

ഉദര ക്ഷേത്രത്തിലെ ,
ഇരുട്ടിലെന്നെ പൊതിഞ്ഞ് സൂക്ഷിക്കുന്നതിന് മുമ്പ് തന്നെ ,അമ്മ
രാധയായിരുന്നു .
എന്റെ ച്ഛന്റെ രാധ .
രാധ ,രാധ മാത്രമായിരുന്നു! .
വെറുമൊരു രാധ ,രാധയെന്ന യുവതി .
കാളിന്ദിയിൽ കുളിക്കാത്ത ,
കാർവർണ്ണനെ കാണാത്ത ,
അമ്പാടി കാണാത്ത ,പൈക്കളെ മേച്ച വെറുമൊരു രാധ .

മധുരസ്വപ്നങ്ങൾ ,
കരിമ്പിൻ തുമ്പിലെ മധുരമെന്ന വണ്ണം ,
രാധയുടെ മനസ്സിലുമുണ്ടായി .
ജീവിതം ,വിവാഹം ,ഭർത്താവ് ,കുട്ടികൾ .
പിറന്നതെല്ലാം വളർന്നു ,
പിറക്കാതെ പോയതിനെ കാണാനൊട്ട് കഴിഞ്ഞതുമില്ല .
ചാപിള്ള പെറാത്ത പെണ്ണ്! .
സൗഭാഗ്യ , രാധ:
മൂന്നാണിനെ ആദ്യമേ പെറ്റു .
നാലാമത്തേത് ,മറ്റൊരു രാധയായിപ്പോയി!

അമ്പത്തിയെട്ടാമത്തെ വയസ്സിൽ ,
സീമന്തരേഖയിലെ സിന്ദൂരം മായ്ക്കാതെ ,
രാധ പോയീ! .........
"നിത്യ സുമംഗലിയായ്! ........,
ഭർത്താവ് ജീവിച്ചിരിക്കെ ,രാധ ,മറ്റൊരു ,
ഗോകുലം തേടിപ്പോയി ...?.

ജീവിതസുഖങ്ങൾ എന്തെന്നറിയാത്ത രാധ .
നിത്യ ദാരിദ്ര്യത്തിൽ നിന്നും ,
നിതാന്ത ദുഃഖത്തിൽ നിന്നും ,
കറുപ്പിൽ നിന്ന് ,വെളുപ്പ് പുതച്ച് രാധ, പോയി .
അല്ലെങ്കിൽ എല്ലാവരും കൂടി രാധയെ
പറഞ്ഞയച്ചു .

അഗ്നിസാക്ഷിയായ വന്നവളെ ,
മൂത്ത മകന്റെ കൈകളാൽ ,
അഗ്നിക്ക് തന്നെ കൈമാറി .
അഗ്നിമണിക്കുറുകൾക്കുള്ളിൽ ,വിഭൂതി
തിരിച്ചു തന്നു .
സഞ്ചയനത്തിന് ,ചെറു കുടുക്കയിൽ,
ചിതാഭസ്മവും ,എല്ലിൻ കഷണവും,നിക്ഷേപിച്ചു .
പിന്നെ പാപനാശിനിയായ ,നിളയതേറ്റുവാങ്ങി .
മകൻ മുങ്ങി നിവർന്ന് ,പുറകോട്ട് എറിഞ്ഞ
മൺകലത്തിൽ നിന്ന് അമ്മയുടെ, വിഭൂതി ,
നിളയിൽ വിലയനംകൊണ്ടു .
നിളയുടെ മാറിലെ കുഞ്ഞോളങ്ങൾ ,
അളകളനാദത്താൽ ,ആ ഭസ്മധൂളിയെ
അടിത്തട്ടിൽ ലയിപ്പിച്ചു .
ശത കോടി രാധ മാർ
ഉറങ്ങുന്ന ,പാപനാശിനിയായ് ,നിളാ നദി
പിന്നെയുമൊഴുകി .

..... ഓർക്കാൻ എനിക്ക് ....
കാരണങ്ങൾ ഏറെയുണ്ട് .
വളരെ ,വൈകാതെ ,കൊള്ളിവെച്ചവനേയും
രാധ കൂടെ കൂട്ടി ?.!
" അന്ത്യചുംബനത്തിൽ ,അവിടെ വെച്ച്
ഒന്നുചേരാം എന്ന് പറഞ്ഞവനെ ,വൈകാതെ തന്നെ ഒറ്റപ്പെട്ട
രാധ ,കൂട്ടിക്കൊണ്ടു പോയീ! .........,
കടിഞ്ഞൂൽപ്പുത്രനെ കൈവിടുന്നതെങ്ങനെ .?.

രാധയുടെ ,
ശരീരമെ ,ഞങ്ങളെ വിട്ടു പോയിട്ടുള്ളൂ .
ആത്മാവ് ഇപ്പോഴും ,എന്റെ കൂടെ തന്നെ

ഉള്ളതുപോലെ തോന്നണു .

വീട്,
പിന്നെയും ഉണർന്നു ,
പിന്നെയും ഉറങ്ങി .
കാടുണർന്നു ,
കിളിയുണർന്നു ചിലച്ചു .
മരംകൊത്തികൾ പൂതൽപ്പിടിച്ച മരങ്ങൾ തേടി പോയ്ക്കൊണ്ടിരുന്നു . ഇരയ്ക്കും, മാളത്തിനും വേണ്ടി.
സന്ധ്യ പിന്നെയും വന്നും പോയും ഇരുന്നു .
ഗ്രാമം ഉണർന്നു കരഞ്ഞു കാക്കയെപ്പോലെ .
ബലിച്ചോറുകൾ വെച്ച് നനഞ്ഞ കൈകൾ
രണ്ടും കൂട്ടിക്കൊട്ടുന്നതും കാത്ത്,
ബലി കാക്കകൾ പുളിമര കൊമ്പിൽ ഇരിക്കുന്നുണ്ടാവാം ?.
സൂര്യവെളിച്ചത്തിൽ ,വാഴക്കൈയ്യുടെ നിഴൽ
കാറ്റിനൊത്ത് പിന്നെയും ചാഞ്ചാടി .
നിഴലും ,വെളിച്ചവും! ....,
സുഖവും ,ദുഃഖവും .....,
അല്ലെങ്കിൽ ,ജീവിതവും ,മരണവും എന്ന പോലെ ,പരസ്പര പൂരകങ്ങൾ ആയിരിക്കാം! .
.......... ....... ....... ...... .... ....... ....'
പുസ്തകത്താളിൽ നിന്ന്,സക്കറിയയുടെ
ഗർഭിണി ഉണർന്ന് കരഞ്ഞു .
പിന്നെ ഉറക്കെ ഒച്ചവച്ചു .
..... സക്കറിയായും ഉണർന്നു .....,
പിന്നെയിങ്ങനെ ,ആത്മഗതം ചെയ്തു .
രാധ ,രാധ മാത്രം .........,

പേക്കിനാവ് കണ്ട്,
ഞെട്ടിയുണർന്ന ഞാൻ ,
"രാധ ,രാധ ,എന്റെയമ്മ മാത്രം! :
ആകാശത്തിൽ ,വെളുത്ത മേഘങ്ങളെ ,കറുത്ത മേഘങ്ങൾ, ഉന്തിത്തള്ളിക്കൊണ്ടുപോയി,
കുന്നിൻചരിവിലേക്ക് തള്ളിയിട്ടുക്കൊണ്ടിരുന്നു.
കൂട്ടത്തിൽ ശക്തർ കറുത്ത മേഘങ്ങൾ
ആയിരുന്നു .
...... രവി പോയി! ......
....... ചന്ദ്രനെത്തി !.......
അലങ്കാരമായി ,താരക ബ്രഹ്മവും എത്തി .
കുറച്ചപ്പുറത്തെ വീട്ടിൽ നിന്ന്,
പാൽ പൈതൽ കരഞ്ഞു .
പ്ലാവിൻ കൊമ്പിൽ ദുഃശകുനമെന്ന വണ്ണം
കൂമൻ മൂളി .
വല്യമ്മച്ചി ,പണ്ട് ചെയ്ത കാര്യം ഞാനോർത്തു .
ഇങ്ങനെയുള്ള അവസരങ്ങളിൽ, അവർ
ഉണക്കമുളക് ഞെട്ടികളയാത്തതും, ഉപ്പിൻ
കല്ലും ഉഴിഞ്ഞ്, കത്തുന്ന അടുപ്പിലോട്ട്
എറിയുമായിരുന്നു .
അതോടെ കുട്ടി കരച്ചിൽ നിർത്തും .

പിന്നെ കൂമനെ എറിഞ്ഞോടിക്കും .
തുലാമഴയ്ക്ക് ,ശക്തമായ ഇടിവെട്ടൽ
ഉണ്ടാവുമ്പോഴും ഇങ്ങനത്തെ ,മറ്റൊരു
പ്രയോഗമുണ്ട് .
അത് ,ഉലക്ക ,എടുത്ത് മുറ്റത്തോട്ട്
എറിയുന്നതാണ് .
ഇടി ,പിടിച്ചുകെട്ടിയ മാതിരി നിൽക്കുമത്രേ! .

....അമ്മേ! ....
ആകാശ രൂപിണി,
അന്നപൂർണ്ണേശ്വരി ,

നേരല്ലാത്തതിൽ നിന്നെന്നെ
നേരിലേക്ക് നയിക്കണമേ! ---
തമസ്സിൽ നിന്ന് പ്രകാശത്തിലേക്കും .
മൃത്തിൽ നിന്ന് ,ജീവനിലേക്കും .
പ്രാർത്ഥനയാണ്:
അവിടത്തെ മുമ്പിൽ ,
ഞാനാര്! .. അമ്മയാര്?.

ഞാനിപ്പോൾ ,സക്കറിയയുടെ രാധയെ വിട്ടു ,
മുകുന്ദന്റെും ,
താൽക്കാലികമായി എന്റെും! .

ഒടുക്കം ,ഹൃദയ താരകം ,തുറന്നിരിക്കുന്നു .
എന്റെയുള്ളിലും ,വിണ്ണിലും:

അജി അനന്തഭദ്രം

കഥ

# പാട്ടും നൃത്തവും

മയിലും കുയിലും കൂട്ടുകാരായിരുന്നു. മയിൽ മനോഹരമായി നൃത്തം ചെയ്യും. കുയിൽ മനോഹരമായി പാടും. തങ്ങളുടെ കഴിവുകൾ പരസ്പരം മാറിയാൽ നന്നായിരിക്കും എന്ന് അവർക്ക് തോന്നി. അന്നുമുതൽ മയിൽ പാടുവാനും കുയിൽ നൃത്തം ചെയ്യുവാനും തുടങ്ങി. പക്ഷേ.... മനോഹരമായ പീലികൾ ഇല്ലാത്തതിനാൽ കുയിലിന്റെ നൃത്തം കാണാൻ ആരും വന്നില്ല. നൃത്തം ചെയ്യാതെ പാട്ടും പാടി നടക്കുന്ന മയിലിനെ കുട്ടികൾ പോലും കളിയാക്കാൻ തുടങ്ങി




ശ്വേത സുന്ദർ വി പി 7D

STORY

# THE LION AND BULLS


Once in a forest there lived three strong wild Bulls. They were thick friends. King lion wanted to kill and Eat those Bulls. But whenever he tried; the three bulls together attacked him and he had to withdraw. The Lion realised that he could attack them only when their unity is broken. So he sought the help of a fox. He asked the fox to separate the bulls with his cunningness. The cunning Fox, through backbiting broke the friendship of the bulls. They separated and began to graze alone. The Lion made use of this situation. He killed the bulls one by one.



NASHA FATHIMA K 7D

# I SEE A RAINBOW

I see a rainbow of colours
Way up, way up high
Long,long lines of colours
Bent across the sky
I can paint a rainbow
Paint it with my hands
Up and over up and over
And down across the land
First comes red and oranges
Then yellow and green
Last comes blue and purple
What's a beautiful rainbow
I see a rainbow



NAJWA P. K 7TH D

കവിത

# പൂ പെറുക്കാം

കാറ്റു വരുമ്പോൾ കാട്ടുമരങ്ങൾ
കാറ്റത്തങ്ങനെയാടുന്നൂ – ഹോയ്
കാറ്റത്തങ്ങനെയാടുന്നൂ
കാറ്റത്താടും ചില്ലയിൽ നിന്നും
കാട്ടിൽപ്പൂക്കൾകൊഴിയുന്നൂ – ഹോയ്
കാട്ടിൽ പൂക്കൾ കൊഴിയുന്നു
കാട്ടിൽകൊഴിയും പൂക്കൾ പെറുക്കാൻ
കൂട്ടു വരുന്നവരാരാണ്? ഹോയ്
കൂട്ടു വരുന്നവരാരാണ്?

കൂട്ടിനു പോരാൻ മറ്റാരുണ്ട്?
കാട്ടിൽ വരുന്നതു ഞാനാണ് – ഹോയ്
കാട്ടിൽ വരുന്നതു ഞാനാണ്
കാട്ടിൽ നിന്നും പൂക്കൾ പെറുക്കാൻ
കൂട്ടു വരുമ്പോളെന്തു തരും? ഹോയ്
കൂട്ടു വരുമ്പോളെന്തു തരും?
കാറ്റിൽ വീണൊരു പൂവും പഴവും
കാട്ടിൽ വെച്ചു പകുത്തു തരും – ഹോയ്
കാട്ടിൽ വെച്ചു പകുത്തുതരും!



ആദിത്യ കെ 4B

കവിത

# പകലിന്റെ ഗദ്ഗദം

പറയാതെ പറന്ന് പോയ
പകലിന്റെ ഗദ്ഗദം
പറയാനറിയാത്ത രാത്രിയുടെ രോദനം
പറയാതെ പോയ് പോയ
പാതി വഴിയിൽ എപ്പോഴോ
പണ്ടെ ഉപേക്ഷിച്ച കൗ തുകങ്ങൾ ഒക്കയും
മോഹിക്കാനർഹതയില്ല ഇന്ന്
മോഹിക്കുവാൻ എപ്പോഴോ കാലം പഠിപ്പിച്ച
എന്നിലുണർന്ന കാവ്യങ്ങളെപ്പൊഴോ
കരി പുരണ്ട തറിഞ്ഞില്ല ഞാനന്ന്
മനസ്സിൽ പിറക്കുന്ന വാക്കുകളൊക്കെയും
മരിക്കുന്നു മനസ്സിന്റെ പാതി വഴിയിൽ തന്നെ .....

സൻജിദ് ഹുസൈൻ 4

# ഭീകര മഴയും കുട്ടുകാരും



മഴ മഴ മഴ മഴ കുളിരിൻ പൂമഴ മനത്തീ-
ന്ന് പെയ്തപ്പോൾ ഇടിയും മിന്നലു –
മാർത്തുചിരിക്കേ കുട്ടിൻ ഭീകര ഭാവം
കൊണ്ട് പിറകെ കാറ്റും കമത്തിയല്ലോ
പുതച്ചുമൂടി കണ്ണുമടച്ച കിടന്നുറ-
ങ്ങാൻ കൊതിയായി കിടന്ന ഉടനെ
തിമർത്തു ആർത്ത സ്വരത്തിൽ മഴയും,
ഇടിയുമായല്ലോ ഇരുണ്ട രാത്രിയിൽ
മിന്നൽ വന്നു വെളിച്ചവുമായി

ആഷിഷ

ലേഖനം

# ദേശീയ ശാസ്ത്ര ദിനം

1928 ഫെബ്രുവരി 28ന് സി.വി.രാമൻ കണ്ടെത്തിയ രാമൻ ഇഫെക്ടിന്റെ ഓർമക്കാണ് ദേശീയ ശാസ്ത്രദിനം ആഘോഷിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിലെ ലോക പ്രശസ്തരായ ഭാരതീയ ശാസ്ത്രജ്ഞരിൽ പ്രമുഖനാണ് ചന്ദ്രരേഖ വെങ്കിട്ടതമൻ അഥവാ സി.വി.രാമൻ .രാമൻ പ്രഭാവം (saman effect) എന്ന കണ്ടെത്തലിന് 1930ൽ അദ്ദേഹം ഭൗതികശാസ്ത്രത്തിലെ നോബൽ സമ്മാനത്തിന് അർഹനായി. ഫിസിക്സിൽ ആദ്യമായി നോബൽ സമ്മാനം നേടിയ ഏഷ്യക്കാരനുമാണ് സി.വി.രാമാൻ. ദ്രാവകങ്ങളിലെ പ്രകാശത്തിന്റെ വിസരണവുമായി ബന്ധപ്പെട്ട പ്രതിഭാസമാണ് രാമൻ പ്രഭാവം. ദേശീയ ശാസ്ത്രദിനമായി ഫെബ്രുവരി 28 നിർദ്ദേശിക്കപ്പെടണമെന്ന് 1986ൽ, ദേശിയ ശാസ്ത്ര സാങ്കേതിക വിവര വിനിമയ സമിതി ആവശ്യപ്പെട്ടതിനെ തുടർന്ന് 1987 മുതൽ ഫെബ്രുവരി 28 ദേശീയ ശാസ്ത്രദിനമായി രാജ്യമൊട്ടാകെ ആഘോഷിക്കപ്പെടുന്നു. ജനങ്ങളുടെ ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള സന്ദേശം പ്രചരിപ്പിക്കുന്നതിനാണ് ദേശീയ ശാസ്ത്ര ദിനം ആഘോഷിക്കുന്നത്. മനുഷ്യ ക്ഷേമത്തിനായുള്ള ശാസ്ത്ര മേഖലയിലെ എല്ലാ പ്രവർത്തനങ്ങളും, പരിശ്രമങ്ങളും, നേട്ടങ്ങളും, പ◌്രദർശിപ്പിക്കുന്നിതിനും, ശാസ്ത്ര രംഗംനേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്യാനും, ശാസ്ത്ര സാകേതികരംഗത്ത് പുതിയ മുന്നേറ്റങ്ങൾക്ക് തുടക്കമിടാനും ഈ ദിനം ഉപയോഗപ്പെടുത്തുന്നു. സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലക, സാങ്കേതിക മെഡിക്കൽ ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് ദേശീയ ശാസ്ത്രദിനം ആഘോഷിക്കുന്നത്. ഓരോ വർഷവും പ്രത്യേക വിഷയം കേന്ദ്രീകരിച്ചായിരിക്കും പരിപാടികൾ ആസൂത്രണം ചെയ്യുന്നത്.



നാദിയ എ പി 9B

# THE MONKEY AND THE CROCODILE

Once upon a time in the middle of the forest there was a river. In the river there lived an old crocodile. He was not able to hunt any more because he was weak. One day he was hungry. Oh it is very difficult to hunt on land now. Then he sat under a tree. A monkey saw the crocodile and asked "Why are you so sad crocodile".Take some apples. They are very tasty."Thank you dear monkey. Can you please give me these apples every day?""Ok crocodile!"and the monkey gave the crocodile some apples and the crocodile ate the apples everyday. One day thought to eat the monkey heart. So he thought an idea. He asked the monkey that my friend want to meet you. The monkey was happy. And said "Yes,I will be very happy to meet you ". He sat on the crocodile's back. But when they were in the centre of the river. He told the monkey that I want to eat your heart and now I will eat your heart. The monkey thought of a plan. He said to the crocodile."crocodile but I forgot my heart on the tree". The monkey said that. "What a foolish crocodile you are. How you can take the heart from the body. And I gave you so sweet apples but now I will never give you those apples now. You are not my friend". The crocodile was very hungry and realized his mistakes.

Moral
One should think thoroughly before taking any action.



STORY

# THREE BUTTERFLIES

There were once three beautiful butterflies in the garden.One was white yellow and third one was red.Every day the tree were dancing and flying together in the garden and they were very happy.One day they were playing in when again when suddenly it bagan to rain. They flew to a red flower and said to the red flower ,Red flower were caught in the rain our wings are wet and were so cold so would you please let us stay under your petals? The red flower said to the red butterfly "you have the same colour as me so you can come in . You two can't". The butterflies said together "we are good friends and we'll nover part . We com together and we leave together . It's raining harder, they flew to the yellow flower said to yellow flower. Yellow flower said you have tha same colour with mo so you can come ,you two can't . The butterflies said



together we' re good friends, and we will never part ,so we come together and leave together . And also the white flower reacted in the same way. Then the butter flies said the same thing they will come and leave together. Fainally they could find a place to take shelter from th rain. But none would like to leave their friends . Then they saw the sun from the clouds, He drove away the rain stopped. It sunny anagin the three butterflies's wing beacame dry in the sun . They playing happy again.

# നീലക്കുറിഞ്ഞികൾ പൂക്കുമ്പോൾ



..........................
"ഏതോ!" ..........,
ഉൾപ്പുളകത്തിന്റെ ,
മാദക ഭംഗിയിലാ–
മുകുളം വിടർന്നുവെന്നോ .?.
വിടരുവാനായീ വി തുമ്പന്നൊരാ ....
ദലം കൂടിയുണർന്നുവെന്നോ .?.....

ഇത്തിരിപ്പൂവേ! .....
ഒത്തിരിപ്പൂവേ! ......
നീല നഭസ്സിൻ ,
നിറമാർന്നവളേ ,
നീലക്കുറിഞ്ഞിപ്പൂവേ ..........

പാരിന്റെ ലാളനയേറ്റ വളെ .
ശ്യാമയാം ,ഋതുമോഹിനി :
ശലഭ ഭംഗി നീ ......

(ഇത് നിന്നെക്കുറിച്ചുള്ള ആ
മുഖം ,ഇനിയെന്നെക്കുറിച്ച്)

"ഞാനൊരു '
പാതിരാപ്പൂ ........
സായന്തനതെന്നലിൽ
പൊഴിഞ്ഞു വീഴാൻ
നിൽക്കുന്നവൻ .

(ആയതിനാൽ )

"മധു മണമില്ല ,മലർ മണമില്ല .?.
ശലഭമോ ,കിളികളോ –
"പൂത്തുമ്പി പോലുമെന്നരികയില്ല .?.

( ഫലങ്ങളില്ലാത്ത മരങ്ങൾ പോലെ )

"നീയോ !!" ....
കാർമുകിൽ വർണ്ണമായ്
കാനനഭംഗിയായ്
പൂമഴ പെയ്തും ,പുതു മഴയായും ,
പനിനീർപ്പൂ വലയൊളിയായും
പാരിനെന്നും നിറം പകരുന്നവളെ ! .

" ഇത്തിരിപ്പൂവേ! ... കുഞ്ഞു പൂവേ! ....
നീലഗിരിയുടെ പൊന്നോമനേ!! ....

# ഗുണപാഠകഥ

പണ്ട് നടന്ന കഥയാണിത്. ഒരു ഗ്രാമത്തിൽ ഒരു അലക്കുകാരൻ ഉണ്ടായിരുന്നു. ഗ്രാമത്തിലെ എല്ലാ വീടുകളിൽ നിന്നും തുണികൾ ശേഖരിച്ച് അവ അലക്കി തിരികെ വീടുകളിൽ എത്തിച്ച് കിട്ടുന്ന കാശുകൊണ്ടാണ് അയാളും ഭാര്യയും ജീവിച്ചിരുന്നത്. അയാൾക്ക് ഒരു കുതിരയും ഒരു കഴുതയും ഉണ്ടായിരുന്നു.

അലക്കുകാരൻ : നമുക്ക് ഈ കഴുതയും കുതിരയും ഉള്ളത് എത്ര നന്നായി അല്ലേ.?
ഭാര്യ : അതെ അതെ, അല്ലെങ്കിൽ തലയിൽ ചുമന്ന കൊണ്ടല്ലേ തുണികൾ കൊണ്ടുപോകേണ്ടത്
അലക്കുകാരൻ : ഈ കുതിരയുള്ളത് കാരണം ദൂരേക്ക് യാത്ര ചെയ്യാനും കഴിയും.

കുതിരയും കഴുതയും ഒരു തൊഴുത്തിലാണ് താമസമെങ്കിലും കുതിര കഴുതയെ ഒരിക്കലും ഒരു ചങ്ങാതിയായി അംഗീകരിച്ചില്ല. ഒരു ദിവസം തൊഴുത്തിൽ കുതിര പുല്ല് തിന്നുകൊണ്ടിരിക്കുകയായിരുന്നു, അപ്പോൾ കഴുതയും വന്നു പുല്ല് തിന്നു. അത് കുതിരക്ക് ഇഷ്ടപ്പെട്ടില്ല.

കുതിര : നീ എന്തൊരു ജീവിയാണ്. നിന്നെ കാണാൻ ഒരു ഭംഗിയുമില്ല. എനിക്ക് ആണെങ്കിൽ എന്തൊരു ഭംഗിയാണെന്നോ.
കഴുത : എന്റെ ചങ്ങാതി, അത് ശെരിയായിരിക്കാം. പക്ഷെ ഞാനും നിന്റെ സഹജീവിയല്ലേ?
കുതിര : എന്നെ നീ ചങ്ങാതി എന്നു വിളിക്കരുത്. നിന്റെ നാറ്റം കാരണം എനിക്ക് ഇവിടെ നിൽക്കാൻ കൂടി വയ്യ. വൃത്തികെട്ട ജീവി
കഴുത : അങ്ങനെയൊന്നും പറയരുത് ചങ്ങാതി, യജമാനന്റെ ചുമട്ടു ജോലി മുഴുവൻ ഞാനാണ് ചെയ്യുന്നത്. നമ്മൾ രണ്ടു പേരുടെയും യജമാനൻ ഒരാളാണ്, പക്ഷെ നിന്റെ ജീവിതം സുഖകരവും എന്റെ ജീവിതം കഷ്ടത നിറഞ്ഞതുമാണ്.
കുതിര : അതെന്താ നീ അങ്ങനെ പറഞ്ഞത്?
കഴുത : യജമാനൻ എന്നെ കൊണ്ടാണ് ചുമട് മുഴുവൻ എടുപ്പിക്കുന്നത് നിനക്ക് ആണെങ്കിൽ ചെറിയ ജോലികളെ ചെയ്യാനുള്ളു.
കുതിര : അതാണോ കാര്യം? എനിക്കാണെങ്കിൽ കുറച്ച് നിലയും വിലയും ഉണ്ട്. ഞാൻ നിന്നെപോലെയല്ല.


അങ്ങനെ പല അവസരങ്ങളിലും കുതിരയും കഴുതയും കലഹം പതിവാണ്. കഴുതയേക്കാൾ വലിയവനാണ് എന്ന അഹങ്കാരം കുതിരക്ക് എപ്പോഴുമുണ്ടായിരുന്നു.

അല്ലാക്കുകാരൻ : നല്ല മഴക്കാറുണ്ട്, തുണികൾ മുഴുവൻ വേഗം വീടുകളിൽ എത്തിക്കണം.
കഴുത : ഇതിന് നല്ല ഭാരമുണ്ട്.

അങ്ങനെ അല്ലാകുകാരനും കുതിരയും കഴുതയും ഗ്രാമത്തിലേക്ക് നടന്നു, എന്നാൽ വലിയ ഭാരം കാരണം കഴുതക്ക് വളരെ പതുക്കെയേ നടക്കാൻ കഴിഞ്ഞുള്ളു.

കഴുത : ചങ്ങാതി എന്റെ ചുമലിൽ കടുത്തഭാരം കാരണം എനിക്ക് നടക്കാൻ പോലും കഴിയുന്നില്ല.
കുതിര : അതിനു ഞാൻ എന്ത് വേണം?
കഴുത : എന്നെയൊന്നു സഹായിക്കാമോ?
കുതിര : നിന്റെ ചുമട് ഞാൻ എടുക്കണമെന്നോ?
കഴുത : അങ്ങനെയൊന്നുമല്ല, എന്റെ ഭാരം കുറക്കാനായി കുറച്ച് തുണികൾ നീ കൊണ്ട് വന്നാൽ മതി.
കുതിര : എടാ മണ്ടാ , നിന്റെ ചുമട് നീ കൊണ്ടുവന്നാൽ മതി. ഞങ്ങൾ കുതിരകൾ ചുവടുകൾ എടുക്കാറില്ല.
ഏതാനും ചുവടുകൾ കൂടിയേ കഴുതക്ക് നടക്കാൻ കഴിഞ്ഞുള്ളു, അപ്പോഴേക്കും കഴുത വീണു. അലക്കുകാരൻ കഴുതയുടെ ചുമലിൽ നിന്ന് ചുമട് എടുത്ത് കുതിരയുടെ ചുമലിൽ വെച്ചു . കഴുതയെയും വച്ചു.
ഗുണപാഠം – ഒരിക്കലും നമ്മൾ അഹങ്കരിക്കരുത്

–ആഷ് ലിമോൾ അനീഷ് 8E





## PAINTINGS












POEM

# A TIMELY LOVE STORY


Noon fell in love with with midnight,
But they lived twelve hours apart.
They wanted to get together so bad
To discuss matters of heart.

But they everytime midnight came around,
Noon was fast asleep.
And noon was ready to get together,
Midnight's sleep was deep.

They could never figure out how to meet
To hug and to talk each other,
Till they realized they share very same space
On the place called the face of a clock

SAFA M K 9G

# AUTUMN



Autumn hue,
The palette of gold.
The trees would dance,
when the breez whispers.
The field would shine,
As a gold cause of sun.
The season of harvest,
And it is the time for farmers next.
The sun moves fro east to west,
As it's light moves thought the earth's crust.
The leaves fall to down,
to rise again at the talls.
Autumn, the sielence of nature,
Before it's new and fresh arise.

# DREAMS




Hold fast to dreams
For if dreams die
Life is a broken winged bird
Hold fast to dreams
For when dreams ago
Life is a barren field
Frozen with snow
Langston Hughes

"No matter where you're
From your dream are vailed"
"The more you Dream
The more you achieve "

HIMA K 6A

DRAWINGS



# ഊമത്തകൾ

**കി**ട്ടിയതൊക്കെ പെറുക്കി കൂട്ടി നാടൊഴിഞ്ഞ ആ രാത്രിയുടെ നിഴലാട്ടം മനസ്സിൽ നിശാഗന്ധി പുനർജീവിപ്പിച്ചു.ഇവിടം വിശാലമാണ്. ഇടുങ്ങിയ വരാന്തയിലെ ഉറക്കത്തിനോടും റെയിൽ പാളങ്ങളോടും വിട പറഞ്ഞിട്ട് ഇന്നേക്ക് മൂന്നരയാഴ്ച പിന്നിടുന്നു. ഇനിയെന്ത് എന്ന ചോദ്യം നാളെയെ കാത്ത് എനിക്കൊപ്പം ഈയൊരു രാത്രി കൂടി നിശ്വസിച്ചു ഉറങ്ങട്ടെ.

"റീത്ത നീ ചാർജർ എടുത്തോ?"

" അതെന്റെ ബാഗിൽ ഉണ്ട് "

"അല്ലേലും ഇതൊക്കെ ആദ്യമേ എടുക്കുമല്ലോ.."

"അമ്മയ്ക്കെന്താ.. ചാർജർ വേണോ?"

"എനിക്കൊന്നും വേണ്ട..വാ..പോവാം വീട്ടിലെത്തിയാൽ അറിയാം അവിടുത്തെ അവസ്ഥ.."

' വീട് ' സ്വപ്നങ്ങളുടെ മടിത്തട്ടിലെ മഴക്കത്തെ ആ ഒരൊറ്റ വാക്ക് തട്ടിയുണർത്തി. കൺതുറന്നു കണ്ട ആദ്യ കാഴ്ച തന്നെ യാത്രക്കാരായിരുന്നു. കൊണ്ടുവന്നതെല്ലാം ഭദ്രമായി കൊണ്ടുപോകുന്നവർ, ഇവിടുന്ന് കിട്ടിയതുമായി പോകുന്നവർ, ശൂന്യരായി പോകുന്നവർ. ഞങ്ങൾ ഇതിൽ മൂന്നാമത്തേതാണ്. ഒന്നും കൊണ്ടുവന്നതുമില്ല , ഒന്നും കൊണ്ടുപോകുന്നതുമില്ല. മനസ്സ് പോലും ഇപ്പോൾ ഒഴിഞ്ഞ പാത്രമാണ്. അവനവനാട്ടിലേക്കുള്ള യാത്ര സൗകര്യം ട്രസ്റ്റ് കാർ ചെയ്തുതന്നു. അത് വലിയൊരു ആശ്വാസമായി.പാതി പൊളിഞ്ഞ ഭിത്തികൾ! തീവണ്ടികൾ നിലച്ച റെയിൽപാളങ്ങൾ ! പച്ചപ്പ് മറന്ന മണ്ണ്!

ഒഴിഞ്ഞ മനസ്സ് ഭീതിയാൽ നിറയ്ക്കപ്പെട്ടു. ചുരിരുളിൽ ചിന്തകൾ അകപ്പെട്ടു. എങ്കിലും പതിയെ നടന്നു നീങ്ങി. ഒരു യന്ത്രത്തെപ്പോലെ!

ആദ്യ കാഴ്ച ആശ്വാസത്തിന്റേതായിരുന്നു. ഞങ്ങളുടേത് ഇവിടെത്തന്നെയുണ്ട്. പക്ഷേ ചുറ്റുമുള്ളവരിൽ പലരും നിസ്സഹായതയുടെ നിഴലുകൾ മാത്രമായിരുന്നു. മനസ്സ് മുറിവുണക്കാനുള്ള മരുന്ന് തിരഞ്ഞു. വിരലുകൾ തൊട്ടുതഴമ്പിച്ച ആ വീണയെ.. ഈണം കേട്ട കാലം കാതുകൾ മറന്നു.മനസ്സിനെ അതിന്റെ ശൂന്യത വരിഞ്ഞു തുടങ്ങിയിരുന്നു. ഓർക്കുന്നു ഞാൻ, കട്ടിലിൻ അരികിലെ മേശയ്ക്കു മുകളിൽ അവസാന വായനയ്ക്കുശേഷം ചാരി വെച്ചത്. മന്ത്രമായി കാലുകൾ അങ്ങോട്ട് ചലിച്ചു. എന്താണിത്! രാഗങ്ങൾ നഷ്ടപ്പെട്ട ഗാനം പോലെ! വിറകുചുള്ളി പോലെ! തവിട്ടു മണ്ണ് മഞ്ഞുപാളിയായതുപോലെ!

അസാന്നിധ്യം മനസ്സിനെ വരിഞ്ഞു. ഇപ്പോൾ, കാണാമറയാത്ത ലോകത്തേക്ക് പോയ ജീവൻ പോലെ, മനസ്സിനെ പിളർത്തുന്നു.

ഇനി ഇവിടെ തുടർന്നാൽ ഭ്രാന്ത് പിടിക്കുമെന്ന് അക്ഷമകെട്ട ആത്മാവ് വിളിച്ചോതി. പരന്നു കിടക്കുന്ന നീലാകാശത്തിനു താഴെ നിന്ന് നിസ്സഹായരുടെ നിലവിളികൾ, ഉൾവിളികൾ ദൈവം കേൾക്കുന്നുണ്ടാവും. പക്ഷേ പലതിനും പരിഹാരമില്ല. പൂർണ്ണമാവാത്ത പരിഭവങ്ങളായി അവർ തുടരുന്നു.

ആരാണത്? പൂർണ്ണ നിരാശയുടെ ഒരു മുഖപടം കമ്പിവേലികരികിൽ ആരെയോ കാത്തിരിക്കുന്നത് പോലെ...

രാഘവേട്ടൻ! എല്ലാം ആരോ തിരികെ കൊണ്ടുപോയി എന്ന് വിശ്വസിച്ച് അയാൾ തള്ളിനീക്കിയ നിമിഷങ്ങളുടെ സാക്ഷികളിൽ എന്റെ കണ്ണുകളും ഒപ്പുവെച്ചിട്ടുണ്ട്.

ഷോട്ട് സക്യൂട്ടിൽ പൊളിഞ്ഞ മേൽക്കൂര മറയ്ക്കാൻ ചിതറിയ ഓടുകൾക്കിടയിൽ നിന്നും തകര ഷീറ്റുകൾ പൊറുക്കാൻ അപ്പ എന്നെയും കൂട്ടി.അതിനിടയിൽ ആരെയും കാത്തുനിൽക്കാൻ ബാക്കിയില്ലാത്ത ജീവിതവുമായി ഏകാന്തതയിൽ എരിഞ്ഞടങ്ങുന്ന സീതമ്മയുടെ കണ്ണുകൾ മനസ്സിന്റെ വിഷാദം വർധിപ്പിച്ചു. ആ സ്ത്രീ പ്രിയ ലോകത്തിനുള്ള കാത്തിരിപ്പിലാണെന്ന് എന്ന് അവരുടെ മുഖം എഴുതിവെക്കുന്നു.ഒറ്റനോട്ടത്തിൽ അവർ ഒരു പകൽ പ്രേതം തന്നെ!

തകർന്നടിഞ്ഞ കുപ്പിച്ചില്ലുകൾക്കിടയിൽ നിത്യവും ചുവന്ന പൊട്ടുകൾ പതിപ്പിക്കുന്ന കണ്ണാടിയുടെയും റെയിൽപാളങ്ങൾക്കിടയിൽ ചിതറിക്കിടക്കുന്ന കുപ്പിവളകളുടെയും കാഴ്ച ഇന്നും ആ കണ്ണുകൾക്ക് മുന്നിൽ തുന്നിവയ്ക്കുകയാണ് അവരുടെ ജീവിതം. നഷ്ടങ്ങളുടെ കെട്ടഴിച്ചു വെച്ചാൽ അവരുടെ ജീവിതമെല്ലാം ശൂന്യമാണ്. കുറച്ചെങ്കിലും ശേഷിക്കുന്നത് ഞങ്ങൾകാണ്.ഇന്നീ മണ്ണ് ചുട്ടുപൊള്ളുന്ന കനലാണ്. അതിൽ വെന്തുരുകുന്ന ജീവിതങ്ങളും. ഇന്നിവിടെ മനുഷ്യർ മാത്രം പച്ചയായ മനുഷ്യനും അവൻ ചേർത്തുപിടിക്കുന്ന വികാരങ്ങളും. അന്നിവിടം മൃഗങ്ങളുടെതായിരുന്നു കൂട്ടിൽ അകപ്പെട്ടവരും അല്ലാത്തവരും.

അന്ന് കാണികൾ കണ്ടുരസിച്ച കോമാളികൾ ഇന്നിവിടെയില്ല. മേഴ്വഴക്കം കൊണ്ട് നടന്നു നീങ്ങിയ ഗൃപ്പാലങ്ങൾ ഇല്ല. കെൻസിയും ബെന്നിയും നൃത്തം ആടിയ റിങ്ങുകൾ ഇല്ല. കളിക്കൂട്ടുകാരായവരില്ല. ഇന്ന് എല്ലാവരും നഷ്ടത്തിന്റെ കെട്ടുകഥകൾ മാത്രമായിരിക്കുന്നു. ശബ്ദമില്ലാതെ ഗാനമില്ല. വീണയില്ലാതെ ഈണമില്ല. അന്നാമുട്ടിയ കച്ചേരികൾ യാത്ര പറഞ്ഞു മടങ്ങിയിരിക്കുന്നു. മനസ്സ് വാചാലമായപ്പോൾ ശരീരം തളരുന്നു. പാതി തകർന്ന ഭിത്തികളും ഞങ്ങളും ഇന്ന് ഒന്നുതന്നെ.
എന്താണത്! അപൂർണ്ണതക്കിടയിൽ ഒരു ഘടികാരം! ജീവിതം എവിടെയാണ് നിലച്ചുപോയത്?

മിൻഹ എ 10 G

## DRAWINGS




# THE TRUE FRIEND

once there were two friends a Squirrel and a Puppy. They used to live and Play to gether the squirol was very sporty and always won the games The games the puppy used to feel bad and thought that it was fono us one day it started raining heavily The squirrel was in high spirits. He started doing antics but suddenly lost balance and fell in the rain water.



HIMA K 6A

# A LION AND A GOAT



Once there was a lion in the forest. He was old and weak. He could not hunt other animals. One day a foolish goat came to ask about his health "I'm very ill," said the cunning lion. lam move my him and climbs. She came near him to help to get up. The lion jumped onto her caught her throat in his strong jaws That he are well. Everyday he played the Same trick. Oneday a clever fox came. The lion asked Said, "I see him to come closer. But the fox an footprints of animals going into your den. None of them came out. He ran away yelling you can't befool me- cant You eat Bye! me. Bye No other animal came to help the lion after that. He starved to death.

HIMA K 6A

കവിത

# മൗനം

വിജനമാം ഇടനാഴിയിൽ
കാറ്റിൻ കാലനക്കം കേട്ടതും
നിനച്ചിരിക്കാതെ,
എൻ വസന്തം എങ്ങോ പോയ് മറഞ്ഞു
ആർദ്രമാം കണ്ണുകൾ അടഞ്ഞീടുന്നു
വിറയ്ക്കുന്ന ചുണ്ടുകൾ മൊഴിഞ്ഞീടുന്നതെന്ത്?
നീ ആയിരുന്നല്ലോ എൻ ചിറകുകൾ
നീ തന്നെ എൻ കിനാക്കളും
അടർന്നു വീണ ചില്ല പോൽ
തകർന്നടിഞ്ഞ പ്രതീക്ഷകൾ
നെഞ്ചിൽ കനലെരിയും നേരം
ചുടുകട്ടയായ് എൻ മനവും നീറീടുന്നു
വറ്റിപ്പോയ മിഴിനീർത്തുള്ളികൾ
നീർച്ചാലുകളായ് ഒഴുകുന്നതും കാത്ത്
അതിർവരമ്പുകൾ ഭേദിച്ചുവന്ന
പുഴയുടെ മൗനം നീയറിഞ്ഞുവോ
പാതിവെന്ത മനസ്സുമായ്
ഞാനും എൻ മൗനവും
ബാക്കിയായീടുന്നു
നിന്നോർമ്മകളിൽ ഞാൻ
ഒരു വസന്തമായ് തളിർക്കട്ടെ.......



ജസീല (എച്ച് എസ് ടി ഇംഗ്ലീഷ്)


# അതിജീവനം

ജീവിത സന്ധ്യകൾ പുൽകി പുണർന്നോരു
ഹൃത്തുകൾക്കന്യമല്ലതിജീവനം.
കാലയവനികയ്ക്കുള്ളിൽ മറഞ്ഞോരു
പൂർവികർക്കന്യമല്ലതിജീവനം.
കേതാര ഭൂമിയിൽ ജീവിതം ഹോമിച്ച
കർഷകനന്യമല്ലതിജീവനം.
പൊരിയുന്ന വയറിനായ്-
പൊരുതുന്നവർക്കൊക്കെ
അതിജീവനത്തിന്റെ കഥകളുണ്ട്.
തെരുവോരവീഥിയിൽ തെണ്ടി അലയുന്ന
കൺകളിലേയ്ക്കൊന്നു പാളി നോക്കൂ .
ഹൃത്തിലൊതുങ്ങാതെ വിങ്ങി പിടയുന്ന
അതിജീവനത്തിൻ കഥകൾ കാണാം
പെണ്ണായ്പിറന്നവർക്കില്ലേ പറയുവാൻ
അതിജീവനത്തിന്റെ കഥകളേറെ.
ആൺകോയ്മ തീർക്കുന്ന പത്മവ്യൂഹങ്ങളിൽ
പിടയുന്ന  പെൺമനസ്സാരു കണ്ടു.
കാമവെറിയിലും, സ്വർണ്ണകണക്കിലും
കത്തിയെരിഞ്ഞവരെത്രയെന്നോ.
എങ്കിലും അമ്മയായ് ,ഭാര്യയായ്, പെങ്ങളായ്
സാന്ത്വന തേൻമഴ തൂകിടുന്നോർ.
മാനവ ജീവചരിത്രവഴികളിൽ അതിജീവനം
ഒരു പുതുമയല്ല.
ഒരു ഗുഹാവാസിയായ് ജീവിച്ച നാൾ മുതൽ
അതിജീവനത്തിന്റെ കഥകളുണ്ട്.
ഭൂമിയാം അമ്മതൻ താളഭേദങ്ങളിൽ എത്ര
ദുരന്തങ്ങൾ കണ്ടവർ നാം.
ഒന്നിലും പതറാതെ ദൃഢചിത്തരായ്നിന്നു ഈ
ലോകജീവിതം കാത്തവർ നാം.
കൽപാന്തകാല പ്രതീതി ജനിപ്പിച്ചു
കരിമേഘ മെത്തിയതോർമയില്ലേ.
ജാതിഭേദങ്ങൾ മറന്നന്നു മാനസം
സാഹോദര്യസ്നേഹ തീർഥമായി .
പ്രളയജലത്തിന്റെ രൗദ്രഭാവങ്ങളോ പക വിട്ടു
പത്തിഅടക്കി നിന്നു.
ഒരു സൂഷ്മ ജീവിക്കുമടിയറ - വയ്ക്കുവാൻ
ഇവിടില്ല ജീവിതം എന്നു ചൊല്ലി.
ജീവിത ചക്രങ്ങൾ  പായട്ടെ പായട്ടെ
പിന്നെയും, പിന്നെയും ഏറെ വർഷം

കിരൺ ലാൽ എം സി (എച്ച് എസ് ടി മലയാളം)

POEM

# JOURNEY



WE ARE THE CHILDREN OF EARTH.
WE LIVES IN THIS EARTH AS A TRAVELLER.
BUT WE CAN'T KNOW WHEN THIS JOURNEY IS STOPPED.
YET WE ARE NOT WORRY ABOUT OUR LIFE.
AND NOT FEAR ABOUT OUR DEATH.

RAJEENA P ( Office Staff)

കവിത

# പൂന്തോപ്പിൽ

പുസ്തകം മെല്ലെയടച്ചുവച്ചു
പൂന്തോപ്പിലെന്നു ഞാൻ
ചെന്നിരുന്നു.

പെട്ടെന്നു വന്നൊരു
കാറ്റു കാതിൽ
മൂട്ടിയൊരു പാട്ടു
മൂളിടുന്നു.

മുല്ലയും പിച്ചിയും
റോസയെല്ലാം
എങ്ങും മണം
കൊണ്ടു മൂടിടുന്നു

പൂവിലിരിക്കുന്ന
വണ്ടു വന്നു
പൂന്തേൻ നുകരാൻ
വിളിച്ചിടുന്നു.

പൂമ്പാറ്റ പാറി –
പ്പറന്നു ചെന്നു
പൂക്കള പുല്കി
യുണർത്തിടുന്നു.

വർണാഭ ചാർത്തി–
യടുത്തു നിന്നു
നവ്യാനുഭൂതി
നിറച്ചിടുന്നു.

അലീഷ ജയൻ എ 8H

# GGVHSS
## WANDOOR

**സംസ്ഥാന സ്കൂൾ കലാമേളയിൽ പങ്കെടുത്ത്**
**'എ ഗ്രേഡ്' നേടി സ്കൂളിന്റേയും വണ്ടൂരിന്റേയും**
**അഭിമാന താരങ്ങളായ പ്രതിഭകൾ**



**പവിത്രാ വിശാൽ (HS)**
സംസ്കൃതം പദ്യം ചൊല്ലൽ
കാവ്യകേളി, അക്ഷരശ്ലോകം



**മെഹറിൻ എ**
(HS)
മലയാളം കഥാരചന



**ജിൻഷ കെ സി**
(HSS)
ലളിതഗാനം

## നാടൻപാട്ട് സംഘം (HS)



ഗയ പി. സ്നേഹ ജോസ്, അനഘ്യ കെ സി. ശ്രീന സി പി. ജിഷ്ണ ടി.
സ്വാതി കെ സി. ആവണി കൃഷ്ണ കെ ജെ


GGVHSS
WANDOOR
സംസ്ഥാനതല കായിക മത്സരങ്ങളിൽ പങ്കെടുത്ത്
വിജയികളായി സ്കൂളിന്റേയും വണ്ടൂരിന്റേയും
അഭിമാന താരങ്ങളായ പ്രതിഭകൾ
ഗോപിക കെ (HS)
Gold Medal
State Junior Girls Baseball
ഗായത്രി സി (HS)
Bronze Medal
State Ameture Taekwondo Championship
Junior Girls
(HS)
Gold Medal
Junior Girl softball Championship
(HS)
Gold Medal
State Amateur Baseball Championship and State
Junior Girls Baseball
(HS)
State Athletics Meet Participant
(HS)
State Level Football Match
(HS)
Malappuram senior girls
Softball - State Gold Medal
(HS)
vaprebha K (HS)
Budding and Grafting

ARTICLE

# GENERATIVE ARTIFICIAL INTELLIGENCE

Generative artificial intelligence (generative AI, GenAI, or GAI) is a fascinating field within artificial intelligence. Let me break it down for you:

Definition: Generative AI refers to artificial intelligence that has the remarkable ability to generate new content, such as text, images, or other data. It does this by leveraging generative models that learn patterns and structures from existing data and then create novel data with similar characteristics.

How It Works: Imagine a machine-learning model that doesn't just predict outcomes but actually creates new data. Generative AI systems learn from their training data and then produce fresh content based on that knowledge. For instance, they can generate realistic images, compose text, or even create music.

Applications:

Text Generation: Chatbots like ChatGPT, Copilot, and Gemini use generative AI to converse with users.
Image Creation: Systems like Stable, Diffusion, Midjourney, and DALL-E produce stunning visual art.
Video Generation: Tools like Sora can even generate videos from text prompts.
Industry Impact: Generative AI finds applications across various domains, including software development, healthcare, finance, entertainment, customer service, sales and marketing, art, writing, fashion, and product design.

Challenges and Concerns: While generative AI holds immense potential, there are concerns about its misuse, such as cybercrime, the spread of fake news, and the replacement of human jobs.
In summary, generative AI is like having an AI artist or writer that creates original content—sometimes surprising, sometimes delightful!



2023 – 24
അധ്യയന വർഷത്തിലെ ലിറ്റിൽ
കൈറ്റ്സ് പ്രവർത്തനങ്ങളുടെ
ഭാഗമായി തയ്യാറാക്കി
ഡിജിറ്റൽ മാഗസിന് രചനകൾ
നൽകിയ
എല്ലാവർക്കും നന്ദി.......

Illustrations Created by Using AI Tool "Designer" Powered by "DELL_E 3"

സുബ്രഹ്മണ്യൻ പി (ഹെഡ് മാസ്റ്റർ )
കിരൺ ലാൽ എം സി (എച്ച് എസ് ടി മലയാളം)
ഷാഹിന (എച്ച് എസ് ടി ഇംഗ്ലീഷ് )
സിന്ധു വി (എച്ച് എസ് ടി ഇംഗ്ലീഷ് )
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
ബൈജുകൃഷ്ണൻ കെ എസ് (കലാഅദ്ധ്യാപകൻ) കൈറ്റ് മാസ്റ്റർ
ബീന എ (എച്ച് എസ് ടി മലയാളം ) കൈറ്റ് മിസ്ട്രെസ്
ലിറ്റിൽ കൈറ്റ്സ് 2022–25
ജി ജി വി എച്ച് എസ് എസ് വണ്ടൂർ


GOVT. GIRLS VOCATIONAL HIGHER SECONDARY SCHOOL
WANDOOR
വിദ്യയാൽ സിദ്ധിനേടു